62

# ഉറങ്ങുന്ന ശിഷ്യന്മാർ

## (20:6-12)

പ്രവൃത്തികൾ 20-ൽ രേഖപ്പെടുത്തിയിരിക്കുന്ന പൗലൊസിന്റെ ത്രോവാസിലെ സന്ദർശനം കഴിഞ്ഞ് കുറെ വർഷങ്ങൾക്കു ശേഷമാകണം ഒരുപക്ഷേ ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകവും ലൂക്കൊസിന്റെ സുവിശേഷവും എഴുതിയത്. ആ രണ്ടു പുസ്തകങ്ങളും എഴുതിയ ശേഷം, ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളും സഭകളിൽ വിതരണം ചെയ്യാൻ തുടങ്ങി.[1] നിങ്ങൾ ത്രോവാസിലെ ഒരംഗമാണെന്നു വിചാരിച്ച്, മറ്റംഗങ്ങളോടുകൂടെ ഇരുന്നു ആദ്യത്തെ പുസ്തകം ആദ്യമായി വായിച്ചു കേൾക്കുന്നു എന്നു കരുതുക. ആദ്യത്തെ വാല്യം, യേശുവിന്റെ ജീവചരിത്രത്തെക്കുറിച്ച് വായിച്ചു കേൾക്കുമ്പോൾ നിങ്ങൾ ഉല്ലാസഭരിതനാകും. പിന്നെ രണ്ടാമത്തെ പുസ്തകം തുറക്കുമ്പോൾ, നിങ്ങൾ സഭയുടെ സ്ഥാപനത്തെക്കുറിച്ചും സുവിശേഷ വ്യാപ്തിയെക്കുറിച്ചും കേൾക്കുമ്പോൾ തീർച്ചയായും ആവേശം കൊള്ളും മക്കെദൊന്യവിളിയുമായ ബന്ധത്തിൽ ത്രോവാസിനെ പറഞ്ഞതാണ് (പ്രവൃത്തികൾ 16:8, 11), എന്നാൽ നിങ്ങൾ ലൂക്കൊസിന്റെ ഈ വാക്കുകൾ പ്രത്യേകിച്ച് വായിക്കുമ്പോൾ ആവേശം കൊള്ളും:

> ഞങ്ങളോ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കഴിഞ്ഞിട്ടു ഫിലിപ്പിയിൽ നിന്നു കപ്പൽകയറി, അഞ്ചു ദിവസം കൊണ്ടു *ത്രോവാസിൽ* അവരുടെ അടുക്കൽ എത്തി; ഏഴു ദിവസം അവിടെ പാർത്തു.
>
> ആഴ്ച്ച വട്ടത്തിന്റെ ഒന്നാം ദിവസത്തിൽ, ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ, പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോട് സംഭാഷിച്ചു (20:6, 7; എംഫസിസ് മൈൻ).

പവിത്രമായ ചരിത്രത്തിന്റെ ഭാഗമായിരുന്നു ത്രോവാസ് എന്നു കേൾക്കുമ്പോൾ നിങ്ങൾ ആവേശമുള്ളവരായിതീരും!

എങ്ങനെയായാലും, ഒരു നിമിഷം, വായനക്കാരൻ തുടരുന്നു:

> യൂത്തിക്കൊസ് എന്ന യൗവനക്കാരൻ കിളിവാതില്ക്കൽ ഇരുന്നു, ഗാഢ നിദ്ര പിടിച്ചു; പൗലൊസ് വളരെ നേരം സംഭാഷിക്കയാൽ,

നിദ്രാവശനായി ... (വാക്യം 9).

സംശയമില്ല, നിങ്ങൾ അല്പം ഒന്നു നാണിക്കാൻ തുടങ്ങിക്കാണും. ക്രിസ്ത്യാനികളായവർ എല്ലായിടത്തും ഈ സംഭവം ആവർത്തിച്ച് ആവർത്തിച്ച് വായിക്കുമെന്ന് നിങ്ങൾ തിരിച്ചറിയുന്നു – ത്രോവാസിനെക്കുറിച്ച് ഓർമ്മിക്കുവാനുള്ള സംഭവമായി അതുമാറി.

അതു സഭായോഗത്തിലെ യൗവനക്കാരനെ ഒന്നു മനസ്സിൽ കാണുക – യൂത്തിക്കൊസ് എന്നു പേരുള്ളയാൾ! ആ സംഭവം വായിച്ചു കൊണ്ടിരുന്നപ്പോൾ അവൻ തന്റെ സീറ്റിൽ ഇരുന്നു വീണ്ടും ഉറങ്ങികാണും എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അവന്റെ മുഖം ചുവന്നു തുടിച്ചു കാണുകില്ലേ?

തീർച്ചയായും, യൂത്തിക്കൊസ്, മാത്രമായിരിക്കില്ല "സഭയിൽ"[2] ഉറങ്ങിയത്, തീർച്ചയായും അവൻ അവസാനം ഉറങ്ങിയവനുമായിരിക്കയില്ല. "മറ്റുള്ളവരെ ഉറക്കുന്ന കലയാണ് പ്രസംഗം" എന്ന് ആരോ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. യൂത്തിക്കൊസിന്റെ പിൻഗാമികളിൽ ഒരാൾ എഴുതി:

> ഞാൻ എന്റെ ഉപദേഷ്ടാവിന്റെ കണ്ണുകൾ കണ്ടിട്ടില്ല;
> അവരുടെ വെളിച്ചം അദ്ദേഹം ദൈവികമായി ഒളിപ്പിക്കുന്നു;
> അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ, തന്റെ കണ്ണുകൾ അടക്കും,
> അദ്ദേഹം പ്രസംഗിക്കുമ്പോൾ, ഞാൻ എന്റെ കണ്ണുകൾ അടക്കും.

മദ്ധ്യകാലഘട്ടത്തിൽ സഭ വിശ്വാസത്യാഗത്തിലായപ്പോൾ വിവിധ ജോലികൾക്കായി വിശുദ്ധന്മാരായ രക്ഷാധികാരികളെ വെച്ചു:[3] യോസേഫിനെ ആശാരിമാരുടെ രക്ഷാധികാരിയായി കണക്കാക്കിയിരുന്നു; മുക്കുവരുടെ രക്ഷാധികാരിയായി, അന്ത്രെയോസിനേയും. ആരോ പറഞ്ഞു അങ്ങനെയാണെങ്കിൽ സഭയിൽ ഉറങ്ങുന്നവരുടെ രക്ഷാധികാരിയായ വിശുദ്ധനായിരിക്കണം യൂത്തിക്കൊസ്!

എന്തിനാണ് പരിശുദ്ധാത്മാവ് ശക്തമായും നാണിപ്പിക്കുന്ന ഈ സംഭവം പുതിയ നിയമത്തിൽ പറഞ്ഞത്? വീണ്ടും, ലൂക്കൊസ് ഇതെഴുതിയത് യൂത്തിക്കൊസിനെയോ ത്രോവാസിലെ ഇടവകയെയോ ലജ്ജിപ്പിക്കുന്നതിനല്ല എന്നു ഊന്നിപ്പറയട്ടെ. മറിച്ച്, നാം പഠിക്കേണ്ടതായ പാഠം അതിൽ ദൈവം വെച്ചിട്ടുണ്ട്. നമ്മുടെ കഴിഞ്ഞപാഠത്തിലെ വേദഭാഗത്തിൽ നിന്നും, ആദിമ സഭയുടെ കുടുംബാന്തരീക്ഷം നാം എടുക്കുകയുണ്ടായി. ഈ പഠനത്തിൽ, യൂത്തിക്കൊസിന്റെ ദാരുണമായ ലഘുനിദ്രയിൽ നിന്നു പല പാഠങ്ങൾ നാം പഠിക്കും. (മുന്നറിയിപ്പ്: എന്റെ വാക്കുകൾ നിങ്ങളെ മറക്കുകയും നിങ്ങൾ കസേരയിൽ നിന്നു വീഴുകയും ചെയ്താൽ, അവിടെ നിങ്ങളെ ജീവിപ്പിക്കുവാൻ പൗലൊസ് കാണുകയില്ല![4])

### പ്രധാന പാഠങ്ങൾ

ആ പാഠങ്ങളിലേക്കു നാം കടക്കുന്നതിനു മുമ്പ്, സംഭവത്തെ ഒന്നു പുനരവലോകനം ചെയ്യാം: പൗലൊസും കുട്ടുകാരും ത്രോവാസിൽ

ഒരാഴ്ച്ച മുഴുവൻ കാത്തിരുന്നതുകൊണ്ട് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ വിശുദ്ധന്മാരുമായി കൂടി വരുവാൻ അവർക്കു സാധിച്ചു (വാക്യങ്ങൾ 6, 7). അവർ കർത്തൃമേശയിൽ നിന്നു പങ്കിടുവാൻ കൂടി വന്നപ്പോൾ, പൗലൊസ് ആ അവസരം അവരെ ഉപദേശിപ്പാനും പ്രബോധിപ്പാനുമായി ഉപയോഗിച്ചു (വാക്യം 7). പിറ്റെന്നാൾ അവൻ പോകുവാൻ ഭാവിച്ചതുകൊണ്ടു അവരെ വീണ്ടും കാണുമെന്ന പ്രതീക്ഷയില്ലാതിരുന്നതുകൊണ്ടും (വാക്യം 38), പൗലൊസ് "സംഭാഷിച്ചു പാതിര വരെ നീട്ടി" (വാക്യം 7). അവർ കൂടി വന്ന മുറിയിൽ "വളരെ വിളക്കുകൾ" ഉണ്ടായിരുന്നതായി ലൂക്കൊസ് പറയുന്നു – എണ്ണ വിളക്കു കൾ മുറിയിലേക്ക് വായു കടക്കുവാൻ സഹായകരമായിരുന്നു (വാക്യം 8).

പൗലൊസിന്റെ കേൾവിക്കാരെ ബാധിച്ചിരുന്നത് തിങ്ങിനിറഞ്ഞ ആളുകൾ, വായുവിന്റെ കുറവു, വൈകിയസമയം എന്നിവയായിരുന്നു: "യൂത്തിക്കൊസ് എന്നു പേരുള്ള ഒരു യൗവനക്കാരൻ കിളിവാതിൽക്കൽ ഇരുന്നു,[5] ഗാഢ നിദ്ര പ്രാപിച്ചു"[6] (വാക്യം 9). "യൂത്തിക്കൊസ്," എന്നതിന്റെ അർത്ഥം "ഭാഗ്യമുള്ള" അല്ലെങ്കിൽ "സന്തോഷമുള്ള,"[7] എന്നാണ്, ഇതു അനുയോജ്യമെന്ന് തുടർന്നുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. യൂത്തിക്കൊസിനെ "യൗവനക്കാരൻ," എന്നാണ് വിളിച്ചിരിക്കുന്നത്. ഗ്രീക്കിൽ പൊതുവിൽ അർത്ഥമാക്കുന്നതു നല്പതുവയസ്സിനുള്ളിലെ ഏതു പ്രായക്കാരെയും ഉദ്ദേശിച്ചാണ്. മൂലഗ്രന്ഥത്തിൽ അവനെ "ആൺകുട്ടി," എന്ന പദം സാധാരണ സൂചിപ്പിക്കുന്നത് എട്ടുമുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടിയോ യുവാവോ ആകാം (വാക്യം 12).

വർഷങ്ങളായി നമ്മുടെ യുവാവായിരുന്ന യൂത്തിക്കൊസിനെ കാഠിന്യത്തോടെയാണ് കണ്ടിരുന്നത്. അക്കാലത്ത് ബാല – വേല നിയമങ്ങൾ ഇല്ലായിരുന്നു; അവൻ അവിടെ എത്തുന്നതിനു മുമ്പു, ദിവസം മുഴുവൻ ജോലിചെയ്തു, ക്ഷീണിതനായിരുന്നേക്കാം, അവർ കൂടിയിരുന്ന ചുറ്റുപാട് അവനെ മയക്കത്തിലാക്കി. തുറന്ന കിളിവാതില്ക്കൽ ആയിരുന്നേക്കാം യുത്തിക്കൊസ് ഇരുന്നത്. കാരണം പ്രായമുള്ളവർക്കു അവൻ തന്റെ ഇരിപ്പിടം ഒഴിവാക്കി കൊടുത്തിരിക്കാം.[8] എങ്ങനെയായാലും, അവന്റെ യൗവനത്തിലും കൂടിവരുന്ന അസൗകര്യമുണ്ടായിരുന്നിട്ടും, യൂത്തിക്കൊസ് വിശുദ്ധന്മാർ കൂടിവന്നപ്പോൾ സന്നിഹിതനായി – ആരാധന നീണ്ടു പോയിട്ടും യൂത്തിക്കൊസ് പോയില്ല! വ്യക്തിപരമായി, എനിക്ക് ആ യുവാവിനെ ഇഷ്ടമായി, കാരണം യൗവനത്തിൽ അവൻ കർത്താവിനെയും സഭയെയും സ്നേഹിക്കുകയും, നീണ്ട ആരാധനയിൽ അവൻ തങ്ങുകയും ചെയ്തു!

എങ്കിലും, അത്യാഹിതം അകലെയല്ലായിരുന്നു. അക്കാലത്ത്, ജനലുകൾ നിസാരമായി പെട്ടെന്ന് തുറക്കാവുന്ന രീതിയിലാണ് മതിലിൽ പിടിപ്പിച്ചിരുന്നത്. അതുകൊണ്ട് യൂത്തിക്കൊസ് ഉറങ്ങിയപ്പോൾ അവനെ തടയുന്ന ഒന്നും ഇല്ലാതിരുന്നു. "പൗലൊസ് സംഭാഷിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ നിദ്രാവശനായി മൂന്നാം നിലയിൽ നിന്നു താഴെ വീണു" (വാക്യം 9). (മർഫിയുടെ നിയമം[9] പറയുന്നതു ഒരാൾ ജനലിൽ നിന്നു വീ*ണാൽ*, ഒരിക്കലും *അക*ത്തേക്കല്ല, *പുറത്തേക്ക*ത്രെ വീഴുന്നത് എന്നാണ്.) നമ്മുടെ കഴിഞ്ഞ പാഠത്തിൽ സഹോദരന്മാരുടെ വികാര

ത്തെകാണിക്കുവാൻ ശ്രമിച്ച് അവർ കുട്ടിയെ "മരിച്ചവനായി എടുത്തു കൊണ്ടു വന്നു" എന്നു പറഞ്ഞു (വാക്യം 9).

പൗലൊസ് മറ്റംഗങ്ങളോടൊപ്പം കോണിപ്പടികൾ ഇറങ്ങിച്ചെന്നു (വാക്യം 10); അവരിൽ മിക്കപേരെക്കാളും പ്രായക്കുറവും ഒരു പക്ഷേ പൗലൊസിനുണ്ടായിരുന്നതുകൊണ്ട് അവൻ അവരെ വളരെപതുക്കെ ഇറക്കിക്കാണും.[10] അവസാനം അവൻ കുട്ടിയുടെ അടുക്കൽ എത്തി, അവൻ "ബാലന്റെ മേൽ വീണു" (വാക്യം 10), ഒരു പക്ഷേ ഏലിയാവും ഏലിശായും ചെയ്തതു പോലെയായിരിക്കാം (1 രാജാക്കന്മാർ 17:21; 2 രാജാക്കന്മാർ 4:34, 35). "അവന്റെ മേൽ തഴുകിക്കൊണ്ട്, 'ഭ്രമിക്കേണ്ട, അവന്റെ പ്രാണൻ അവനിൽ ഉണ്ട് എന്നു, പറഞ്ഞു'" (പ്രവൃത്തികൾ 20:10). വീഴ്ച്ചയിൽ ബാലൻ മരിച്ചില്ല എന്നല്ല പൗലൊസ് അർത്ഥമാക്കിയത്. യൂത്തിക്കൊസ് "മരിച്ചതു*കൊണ്ട്* എടുത്തുകൊണ്ടു വന്നു എന്നുമല്ല" ലൂക്കൊസ് എഴുതിയത്, അല്ലെങ്കിൽ "അവൻ മരിച്ചുവെന്ന് അവർ *വിചാരിച്ചു* എന്നുമല്ല." ഡോ. ലൂക്കൊസ് പറഞ്ഞു യൗവനക്കാരൻ മ - രി - ച്ചു (വാക്യം 9).[11] മറിച്ച്, പൗലൊസിന്റെ വാക്കുകൾ, അർത്ഥമാക്കിയത്, അവന്റെ ജീവൻ അവനിലേക്ക് മടങ്ങിവന്നു എന്നാണ് (വാക്യം 12). ഈ അത്ഭുതം അധികം മനസ്സിൽ പതിയുന്നതാണ്: അവന്റെ എല്ലുകൾ ചതയുകയോ ഒടിയുകയോ ചെയ്തതു, ചേർന്നു ബലം പ്രാപിക്കേണ്ടതുണ്ട്, സന്ധികൾ പൂർവ്വസ്ഥാനത്താക ണം, പൊട്ടി അകന്ന രക്തധമനികൾ ശരിയാകേണ്ടതുണ്ട്, കേടു വന്ന അവയവങ്ങൾ നവചൈതന്യം പ്രാപിക്കേണ്ടതുണ്ട്, കീറി ഛിന്നഭിന്നമായ കോശങ്ങൾ പുനരേകീകരിക്കേണ്ടതുമാണ്, ഹൃദയം വീണ്ടും സ്പന്ദിക്കാൻ തുടങ്ങണം!

അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അതേ ശക്തി ഇന്നു ഉണ്ടെന്നു അവകാശപ്പെടുന്നവർ ഉണ്ടു, എന്നാൽ യൂത്തിക്കൊസ് പുനർജീവിക്കപ്പെട്ടതുപോലെ ചെയ്യുവാൻ ഇന്ന് ആർക്കും കഴിയുകയില്ല എന്നു ഞാൻ തീർത്തും പറയട്ടെ. എന്റെ ഫയലിൽ "ഫെയിത്ത് ഹീലിങ്ങ്" മീറ്റിങ്ങുകളുടെ പേപ്പർ കട്ടിങ്സ് ധാരാളമുണ്ട് ആ മീറ്റിങ്ങുകളിൽ ഹൃദയാഘാതം പോലെയുള്ള രോഗങ്ങൾ വന്ന് മരിച്ചവരെ കൊണ്ടു ചെന്നിട്ടുണ്ട്. ആർക്കും ജീവൻ തിരിച്ച് കിട്ടിയിട്ടില്ല. ഏറ്റവും - അറിയപ്പെടുന്ന "ഫെയിത്ത് ഹീലർ" ഒരിക്കൽ ഞങ്ങളുടെ സ്ഥലത്ത് ഒരു ടെന്റ് മീറ്റിങ്ങ് നടത്തി, ആ ടെന്റ് മറിഞ്ഞുവീണു, പലരും മരിക്കയും, അനേകരും മുറിവേല്ക്കപ്പെടുകയും ചെയ്തു. "രോഗശാന്തിക്കാരന്" ആരെയും സൗഖ്യമാക്കുവാനോ, മരിച്ചവരിൽ ആരെയെങ്കിലും ജീവിപ്പിക്കാനോ കഴിഞ്ഞില്ല. ഇന്ന് ആർക്കും അപ്പൊസ്തലന്മാരുടെ ശക്തി*യില്ല*.

യൂത്തിക്കൊസിനെ ഉയിർപ്പിക്കുവാൻ പൗലൊസിനു പലകാരണങ്ങൾ ഉണ്ട്: ആദ്യം, അവൻ ആ യുവാവിനേയും ത്രോവാസിലെ മറ്റംഗങ്ങളെയും കുറിച്ചു കരുതലുള്ളവനായിരുന്നു. രണ്ട്, പ്രസംഗിച്ച സന്ദേശത്തെ അത്ഭുതം ഉറപ്പിച്ചു (മർക്കൊസ് 16:20). ചിലർ വേറൊരു ഉദ്ദേശം കാണുന്നുണ്ട്. സഭ യേശുവിന്റെ മരണവും ഉയിർത്തെഴുന്നേല്പും ആഘോഷിക്കുന്നതും (പ്രവൃത്തികൾ 20:7) ആ യുവാവിനെ മരിച്ച അവസ്ഥയിൽ നിന്നു എഴുന്നേല്പിച്ചതും തമ്മിൽ സമാനത എടുത്തുകാണിക്കുന്നു (വാക്യങ്ങൾ 9, 10). യൂത്തിക്കൊസിന്റെ ജീവൻ അവനിൽ മട

ക്കികൊണ്ടു വന്നത് ഉയിർത്തെഴുന്നേല്പ് എന്ന ആശയം അംഗങ്ങളിൽ വിലയുള്ളതാക്കിതീർക്കുകയാണ്!

അതാണ് സംഭവം. ഇനി, നമുക്ക് എന്തെല്ലാം പാഠങ്ങൾ പഠിക്കാൻ കഴിയുമെന്നു നോക്കാം.

**കേൾവിക്കാർക്കുളള പാഠങ്ങൾ**

ആദ്യം, നമുക്ക് കേൾവിക്കാർക്കുള്ള പാഠങ്ങൾ നോക്കാം. ഏറ്റവും സ്പഷ്ടമായ ഒരുകാര്യം സഭയിൽ ഉറങ്ങുന്നതു ലജ്ജാവഹമാണ് ഒരിക്കൽ ഞാൻ പ്രസംഗിച്ച സ്ഥലത്ത്, ഉറങ്ങിക്കൊണ്ടിരുന്ന ഭർത്താവിനെ ഭാര്യ മുട്ടുകൊണ്ട് തട്ടി ഉണർത്തുന്നതു ഞാൻ ശ്രദ്ധിച്ചു. അയാളുടെ ഭാര്യ എന്നോട് പറഞ്ഞു, "ജോർജ് ഉറങ്ങിയതല്ല എന്നെ അസഹ്യപ്പെടുത്തിയത്; പിന്നെയോ അയാൾ കൂർക്കം വലിച്ച് മറ്റു ആരാധകർക്കു ശല്ല്യമുണ്ടാക്കിയതാണ്." സഭയിൽ ഉറങ്ങിയ ലജ്ജാകരമായ ഒരു സംഭവമെങ്കിലും അധികം ഉപദേഷ്ടാക്കൾക്കും പറയുവാനുണ്ടാകും. എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി ഒരിക്കൽ പാട്ട് നയിച്ച പാട്ടുകാരൻ പ്രസംഗം തുടങ്ങിയപ്പോൾ തന്നെ ഉറങ്ങിപ്പോയതായി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം അധികം നീളുന്നതിനിടയ്ക്ക്, ഒരു നാടകീയ ഫലത്തിനായി ഒന്നു നിർത്തി. ആ സമയത്തു, പാട്ടു നയിച്ചയാൾ ഉണർന്നു. നിശ്ശബ്ദത മാത്രം കേട്ടു, അയാൾ പ്രസംഗം തീർന്നു എന്നു വിചാരിച്ച് പെട്ടെന്ന് ചാടി എഴുന്നേറ്റ് അവസാനപാട്ടു പാടി തുടങ്ങി.[12]

ചിലർ, യൂത്തിക്കൊസിനെ പോലെ, ഉറങ്ങുവാൻ മതിയായ കാരണങ്ങൾ ഉള്ളവരാണ്. വേറെ ചിലർ രോഗമോ മറ്റു ശാരീരിക അസ്വാസ്ഥ്യമോ ഉള്ളവരായിരിക്കും. ചിലർ കഴിച്ച മരുന്നിന്റെ ശക്തിയാൽ ആരാധനയിൽ ഉടനീളം മയങ്ങിക്കൊണ്ടിരിക്കും. ചിലർ രാത്രി മുഴുവൻ ജോലി ചെയ്തിട്ടു ആരാധനക്കു വരുന്നവർ ആരാധനാ സമയത്തു ഉറങ്ങിപ്പോകും. കുസൃതി കുട്ടികളെ അടക്കുവാൻ നേരത്തെ എഴുന്നേല്ക്കുന്ന അമ്മമാർ ഉറങ്ങിയേക്കാം. കേൾക്കൂ: നിങ്ങൾ ഉറങ്ങുന്നതു നിങ്ങളുടെ നിയന്ത്രണത്തിൽ അല്ലെങ്കിൽ, നിങ്ങൾ കണ്ണു തുറന്നിരിക്കുവാൻ പാടു പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഞാൻ നന്ദി പറയുന്നു!

നമ്മിൽ ശേഷിച്ചവരോ? ഞായറാഴ്ച്ച കാലത്ത് ഉറങ്ങുന്ന ചിലർ രാത്രി വൈകുന്നതു വരെ ടിവി കണ്ടുകൊണ്ടിരിക്കയോ ആളുകളോട് സംസാരിച്ചിരിക്കുകയോ ചെയ്യുന്നവരാണെങ്കിലോ? ആത്മീയ കാര്യങ്ങളിൽ താല്പര്യമില്ലാത്തവരോ? പാട്ട് എത്ര പ്രചോദനമാണെന്നതോ, പ്രാർത്ഥന എത്ര പണിയപ്പെടുന്നതാണെന്നോ, പ്രസംഗം എത്ര ചിന്താദ്യോതകം എന്നതോ അവർക്കു പ്രശ്നമല്ല; അവർക്കു മടുപ്പ് തോന്നി ഉറങ്ങിക്കൊണ്ടിരിക്കും. എന്നെ മഥിക്കപ്പെടുന്നത് ഇവരാണ്. നിങ്ങൾ ഈ കൂട്ടത്തിൽ ഏതിലെങ്കിലും പെടുന്നുവെങ്കിൽ, ശ്രദ്ധിക്കുക: നിങ്ങൾ മൂന്നാം നിലയിൽ നിന്ന് വീണ് മരിച്ചെന്നു വരികയില്ല, എന്നാൽ നിങ്ങളുടെ ആത്മീയത ഇടറും – നിങ്ങളുടെ ആത്മീയ മരണം അവസാനമാണ്! ഉണരുവാൻ സമയമായി "സത്യത്തിലും ആത്മാവിലും" ആരാധിക്കുവാൻ പഠിക്കുക (യോഹന്നാൻ 4:24)!

## ഉപദേഷ്ടാക്കന്മാർക്കുള്ള ഉപദേശങ്ങൾ

യൂത്തിക്കൊസിന്റെ സംഭവത്തിൽ നിന്നു ഉപദേഷ്ടാക്കന്മാർക്കു ഒന്നോ രണ്ടോ പാഠങ്ങൾ കാണാം. പൗലൊസ് സംഭാഷിച്ചു പാതിരവരെ നീ–ട്ടി–യ–തു കൊണ്ട് നീണ്ട പ്രസംഗം വചനാനുസൃതം എന്നു പറയാറുണ്ട്.[13] എങ്ങനെയായാലും, ശ്രദ്ധിക്കുക, പൗലൊസ് ഞായറാഴ്ച്ചക്കു മുമ്പും ഞായറാഴ്ച്ചക്കു ശേഷവും അവിടെ ഉണ്ടായിരുന്നില്ല. പൗലൊസിന്റെ അന്നത്തെ സാഹചര്യത്തിൽ നിന്നു വ്യത്യസ്തമാണ് ഇന്നത്തെ ചില ഉപദേഷ്ടാക്കൾ എല്ലാ ഞായറാഴ്ച്ചയും പ്രസംഗിക്കുന്നത്.

പൗലൊസ് നടത്തിയ സുദീർഘ സന്ദേശം സന്ദർഭവശാൽ നീണ്ട പ്രസംഗം ആകാം എന്നതിനെ ന്യായീകരിക്കുന്നുണ്ട്, എന്നാൽ ആഴ്ച്ചകൾ തോറും കേൾവിക്കാരെ മുഷിപ്പിക്കുന്ന വാചാലത ന്യായീകരിക്കാവുന്നതല്ല. ശരീരഘടനാ ശാസ്ത്രത്തിൽ രണ്ട് അറ്റങ്ങൾ ഉണ്ടെന്നും, ഒരറ്റം മറ്റെ അറ്റം സഹിക്കുന്നതുവരെ മാത്രമെ സ്വീകരിക്കയുള്ളു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ദൈവത്തിന്റെ വക്താക്കൾ ആയ നാം, നമ്മുടെ പ്രസംഗങ്ങൾ മുഷിപ്പിക്കുന്നതാകാതിരിക്കാൻ പാടു പെടണം.

## പരിസ്ഥിതിയെ കുറിച്ചുള്ള പാഠം

കൂടി വരുന്ന സ്ഥലത്തിന്റെ ഭൗതിക ചുറ്റുപാടുകളിലും ഒരു പാഠം നമുക്കു കാണാം. "[അവർ] ഒരുമിച്ചു കൂടിയ സ്ഥലത്ത് വളരെ വിളക്കുണ്ടായിരുന്നു" എന്നു ഞാൻ ഒരിക്കൽ കൂടെ പറയട്ടെ (വാക്യം 8). വിളക്കുകൾ ഒരു പക്ഷേ വായുവിന്റെ ദൗർലഭ്യവും വരുത്തിയേക്കാം. ഒരു പരിവർത്തനം പറയുന്നു, "മുകളിലെ മുറിയിൽ ചൂടും ശ്വാസം മുട്ടുന്നതുപോലെയുമായിരുന്നു."[14] കഴിഞ്ഞ അവതരണത്തിൽ, ഞാൻ എവിടെ – യായാലും; ഏതു തരം കെട്ടിടം ആയാലും – ആരാധന നടത്താൻ പര്യാപ്തമായിരിക്കണം എന്നു പറയുന്നു. വർഷങ്ങളായി, ശരിക്കു വായു സഞ്ചാരമില്ലാത്ത മുറികളിൽ വിശുദ്ധന്മാർക്കു വീർപ്പുമുട്ടലും ഉറക്കവും വരുത്തുകയാണ് പതിവ്.

## പ്രധാനപ്പെട്ട പാഠം

യൂത്തിക്കൊസിന്റെ സംഭവം വ്യക്തമാക്കുന്നത് ആരാധനയിലെ ഉറക്കം ഒരു പ്രശ്നമായേക്കാം അതു ശുപാർശ ചെയ്യാവുന്നതുമല്ല– എന്നാൽ ശാരീരിക മയക്കം ഗൗരവമുള്ള ഒരു പ്രശ്നത്തിന്റെ അടയാളമാണ്: *ആത്മീയ* ഉറക്കം. കൊരിന്ത്യ സഭ കർത്തൃമേശ തുച്ഛീകരിച്ചപ്പോൾ പൗലൊസ് അവരെ താക്കീതു ചെയ്തുകൊണ്ട്, അവരുടെ ആത്മിയ രോഗനിർണ്ണയം നടത്തുവാൻ അവൻ ആവശ്യപ്പെടുന്നുണ്ട്: "ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു, *ഉറങ്ങുന്നു*" (1 കൊരിന്ത്യർ 11:30; എംഫസിസ് മൈൻ). "സഭയിൽ ഉറങ്ങുന്നതിനെ" കുറിച്ചു പറയുമ്പോൾ, നാം സഭായോഗത്തെക്കുറിച്ചാണ് പറയുന്നതെന്നതുകൊണ്ട് കരുതലുള്ളവരാകണം. അങ്ങനെ എങ്കിൽ, മറിച്ച്, "സഭ" എന്നതുകൊണ്ട് അർത്ഥമാക്കുന്നതു "ക്രിസ്തുവിന്റെ ശരീരമായിട്ടാണ്"[15] പിന്നെ ഞാൻ *വലിയ* കാര്യമായി കരുതുന്നതു "ഉറങ്ങുന്ന ആളുകളെയാണ്." ആത്മിയ ഉറക്കത്തിലുള്ളവരെ

ഉണർത്തുക എന്നതു ഉപദേഷ്ടാവിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലികളിൽ ഒന്നാണ്!

ആത്മീയ ഉറക്കത്തിലായ - തലകൾക്കു പൗലൊസ് വെല്ലുവിളി നല്കുന്നുണ്ട്: "ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു; ..." (റോമർ 13:11). വീണ്ടും, അവൻ എഴുതി, "ഉറങ്ങുന്നവനേ, ഉണർന്നു, മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേല്ക്കുക, എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" (എഫെസ്യർ 5:14).

ത്രോവാസിലെ സഹോദരന്മാരിൽതന്നെ നാം ഒതുങ്ങി നിന്നാൽ, അതു നമ്മെ വീണ്ടും ഊർജ്ജിതമാക്കും: അവർ ആരാധനക്കു വരുന്നതിലും കർത്തൃമേശ ആചരിക്കുന്നതിലും വിശ്വസ്തരായിരുന്നു, അസൗകര്യമായ സമയത്തും സ്ഥലത്തും ആണെന്നോർക്കുക. അവർക്കു ദൈവത്തിന്റെ വക്താക്കളോടും അവരുടെ വചന പ്രസംഗത്തോടും അവർക്കു ബഹുമാനമുണ്ടായിരുന്നു. നാം അവരുടെ കാലടികളെ പിൻപറ്റണം.

**ഉപസംഹാരം**

എല്ലാ കേൾവിക്കാരെയും ശാസിക്കുന്നതാണ് ഈ സംഭവത്തിലെ പാഠങ്ങൾ: ആരാധനാ സമയത്ത് ഓരോരുത്തരും ഉണർന്നിരിക്കാൻ തന്നാലാവുന്നതെല്ലാം ചെയ്താൽ ആരാധനയിൽ സജീവമായി പങ്കെടുക്കാം. പ്രസംഗിക്കുന്ന നമുക്കു ഉൾക്കൊള്ളേണ്ട പാഠങ്ങൾ ഉണ്ട്: നമ്മുടെ പ്രസംഗം ജീവനുള്ളതും വെല്ലുവിളി ഉയർത്തുന്നതുമാക്കാൻ നാം വളരെ പരിശ്രമിക്കണം. എങ്ങനെയായാലും, ഏറ്റവും മുഖ്യമായ പാഠം, ആത്മീയമായി ജയിച്ചുകാണിക്കുന്നവർക്കാണ്. "ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും, സുബോധവുമായിരിക്കണം" (1 തെസ്സലൊനിക്യർ 5:6)!

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ, 1-ാം ലക്കത്തിലെ പ്രവൃത്തികളുടെ മുഖവുരയിലെ ആദ്യഭാഗം നോക്കുക. [2]"സഭയിൽ" എന്നതിന്റെ ഇവിടത്തെ അർത്ഥം "[ആരാധനയിൽ] എന്നത്" പ്രവൃത്തികൾ 1-ാം ലക്കത്തിലെ ശബ്ദ സംഗ്രഹത്തിലെ "സഭ" എന്ന വാക്ക് നോക്കുക. ഈ പാഠത്തിൽ പിന്നീട് "സഭയിൽ" എന്നതിന്റെ വിവിധ ഉപയോഗം നാം പഠിക്കും. [3]"വിശുദ്ധ രക്ഷാധികാരികളെ" കുറിച്ച് ബൈബിൾ ഒന്നും പഠിപ്പിക്കുന്നില്ല. ഈ ഖണ്ഡിക തമാശക്കുവേണ്ടിയുള്ളതാണ്. ചിലയിടത്തു അതു പ്രസംഗിക്കുന്നതും ഉപദേശിക്കുന്നതും അനുചിതമായേക്കാം. [4]ഒരു ഉപദേഷ്ടാവ്, ജനൽ ഇല്ലാത്ത ആഡിറ്റോറിയത്തിൽ പ്രസംഗിക്കുമ്പോൾ, യൂത്തിക്കൊസിന്റെ കഥ പറയുന്ന രീതിയിൽ (ടങ്ങ് - ഇൻ - ചീക്ക്), "നിങ്ങൾ വീഴാതിരിക്കാനാണ് ഇവിടെ ജനലുകൾ ഇല്ലാതിരിക്കുന്നത്. എങ്ങനെയായാലും, നിങ്ങൾ നിങ്ങളുടെ ഇരിപ്പിടത്തിൽ നിന്നു വീണേക്കാം, അതുകൊണ്ട് നിങ്ങളെ മുന്നറിയിക്കട്ടെ ... ." [5]ഉപയോഗിച്ചിരിക്കുന്ന കാലം നോക്കിയാൽ ഇതു ക്രമേണ സംഭവിച്ചതാണെന്ന് വ്യക്തം. [6]"ഉറങ്ങുക" എന്നതിന്റെ ഗ്രീക്കു തർജ്ജിമയിൽ നിന്നാണ് നമുക്കു "ഹിപ്നോസിസ്" എന്ന വാക്കു കിട്ടിയത്. [7]ചിലർ വിചാരിക്കുന്നത് അവന്റെ പേർ സൂചിപ്പിക്കുന്നതു അവൻ സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമയാണെന്നാണ്. [8]അവനു ഉറക്കം വന്നപ്പോൾ കുറച്ചു ശുദ്ധവായു ശ്വസിക്കാൻ കിളിവാതിൽക്കൽ പോയി ഇരുന്നതാ

ണെന്നു ചിലർ വിചാരിക്കുന്നു. [9]അർദ്ധ - രസം, അർദ്ധ - ഗൗരവം എന്നിവ പരിചയം ഇല്ലാത്തവർക്കു "മർഫിയുടെ നിയമം," "നിയമം" - പറയുന്നത് - "തെറ്റിലകപ്പെടാനിട യുള്ളത്, തെറ്റുതന്നെയായിരിക്കും" എന്നാണ്. [10]അവൻ മറ്റുള്ളവരെ പോലെ ആവേശമുള്ളവനായിരുന്നിരിക്കയില്ല എന്നറിഞ്ഞുകൊണ്ട്, പൗലൊസിന് ആ ബാലനെ എഴുന്നേല്പിക്കാൻ കഴിഞ്ഞു.

[11]ആ യുവാവ് മരിച്ച്, വലിയ അത്ഭുതം സംഭവിച്ചു - അത്ഭുതം ഉയിർപ്പല്ലെങ്കിൽ, അത്ഭുത സുഖപ്പെടുത്തൽ. എങ്ങനെയായാലും, വേദഭാഗം, തുറന്നു പറയുന്നതു ആ ബലനെ മരിച്ചവരിൽനിന്ന് എഴുന്നേല്പ്പിച്ചു എന്നാണ്. പത്രൊസിന്റെയും പൗലൊസിന്റെയും ശുശ്രൂഷകളിൽ ഉള്ള അനേകം സമാനതകളിൽ ഒന്നാണിത്: പത്രൊസ് തബീഥയെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു (പ്രവൃത്തികൾ 9), പൗലൊസ് യൂത്തിക്കൊസിനേയും. [12]ഈ ചിത്രീകരണത്തിനു പകരം വ്യക്തിപരമായ അനുഭവത്തിൽ നിന്നു യോജിക്കുന്നതു എടുക്കാം. [13]"നീളമുള്ള" എന്ന പ്രയോഗം ബന്ധിപ്പിക്കുന്നതാണ്. ഒരു സ്ഥലത്ത് നീണ്ടതു മറ്റൊരു സ്ഥലത്തു ചുരുങ്ങിയതും, മറിച്ചും ആകാം. "നീണ്ട" എന്നതിന്റെ, ലളിതമായി ഞാൻ അർത്ഥമാക്കിയത് *പ്രാദേശികമായി* കണക്കാക്കാവുന്നതാണ്. [14]ക്ലാരെൻസ് ജോർഡാൻ. *ദ കോട്ടൺ പാച്ച് വെർഷൻ ഓഫ് ലൂക്ക് ആന്റ് ആക്സ്* (ക്ലിൻടൺ, എൻ.ജെ.: ന്യൂ വിൻ പബ്ലിഷിങ്ങ് കമ്പനി., 1969), 139. [15]ശബ്ദ സംഗ്രഹത്തിലെ "സഭ" എന്ന വാക്ക് പ്രവൃത്തികൾ, 1-ാം ലക്കത്തിൽ നോക്കുക.